പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6267 31.10.2011 - ൽ മറുപടിക്ക്

## III ഗ്രേഡ് ഓവർസിയർ നിയമനം

ചോദ്യം ഉത്തരം

ശ്രീ. കെ. കുഞ്ഞിരാമൻ

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിൽ III ഗ്രേഡ് ഓവർസിയർ മാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; | (എ) | 17 ഒഴിവുകൾ |
| (ബി) | പ്രസ്തുത തസ്തികയിലേക്ക് നിയമനം നൽകുന്നതിലേക്കായി പി.എസ്.സി ലിസ്റ്റ് നിലവിലുണ്ടോ; | (ബി) | ഉണ്ട്. നിലവിൽ പൊതുമരാമത്ത്/ജലസേചന വകുപ്പിനായി തയ്യാറാക്കിയ ലിസ്റ്റിൽ നിന്നുമാണ് നിയമനം നടക്കുന്നത്. |
| (സി) | എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും കാസർഗോഡ് ജില്ലയിലുള്ള III ഗ്രേഡ് ഓവർസിയർ തസ്തിക നികത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | കാസർഗോഡ് ജില്ലയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ജില്ലാ പി.എസ്.സി. യെ ജില്ലയിലെ പഞ്ചായത്ത് വകുപ്പിലെ ഒരൊഴിവ് അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ടി റാങ്ക് |

| | | | |
|---|---|---|---|
| | | | ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾ ബഹു.ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുകയും (21420/11) ടി റാങ്ക് ലിസ്റ്റിൽ നിന്നല്ലാതെ കാസർഗോഡ് ജില്ലയിൽ ടി തസ്തികയിൽ നിയമനം നടത്തരുതെന്നും ഇടക്കാല ഉത്തരവ് വാങ്ങിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ തടസ്സങ്ങൾ ഒഴിവാക്കി നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | ടി സ്റ്റേ ഉത്തരവ് നീക്കുന്നതിനായി ബഹു.കേരള ഹൈക്കോടതിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ